**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5977** **25-03-2025 - ൽ മറുപടിയ്ക്ക്**

**സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,**<br>**ശ്രീ. കെ. ആൻസലൻ,**<br>**ശ്രീ. കെ. ബാബു (നെന്മാറ),**<br>**ശ്രീ. ആന്റണി ജോൺ** | | **ശ്രീ. വി.എൻ വാസവൻ**<br>**(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതിയായ സമഗ്ര കാർഷിക വികസന പദ്ധതിയുടെ നിർവ്വഹണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംരംഭകത്വം, സാങ്കേതികവിദ്യ എന്നിവയിലൂടെ കാർഷിക അനുബന്ധ മേഖലകളുടെ മത്സര ക്ഷമതയും പ്രവർത്തന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി, 2022-2023 സാമ്പത്തിക വർഷംമുതൽ സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് **സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative in Technology Driven Agriculture (CITA).** കൃഷിയെ പ്രോത്സാഹിക്കുന്നതിനും, അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപാദനം, സമാഹരണം, സംഭരണം, മൂല്യ വർദ്ധിത ഉൽപ്പന്നമാക്കൽ, ചില്ലറ വിൽപ്പന എന്നിവയെ പരിപോഷിപ്പിച്ച് 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ടി പദ്ധതിയിൽ ഉൾപ്പെടുത്തി 2022-23 സാമ്പത്തിക വർഷം മുതൽ നാളിതുവരെ 46 സഹകരണസംഘങ്ങൾക്ക് **1261.64** ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് സുലഭമായി ലഭിക്കുന്ന കശുമാങ്ങയിൽ നിന്നും സഹകരണ സംഘങ്ങൾ മുഖേന ഫെനി ഉൽപ്പാദിപ്പിക്കുന്നതും വിപണനം നടത്തുന്നതും പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (ബി) | സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതിയായ സമഗ്ര കാർഷിക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് സുലഭമായി ലഭിക്കുന്ന കശുമാങ്ങയിൽ നിന്നും സഹകരണ സംഘങ്ങൾ മുഖേന ഫെനി ഉൽപ്പാദിപ്പിക്കുന്നതും വിപണനം നടത്തുന്നതിനുമുള്ള പ്രോജക്റ്റ് സഹകരണ വകുപ്പിന്റെ പരിഗണനയിലുണ്ട്.<br><br>കശുമാങ്ങ ഉപയോഗിച്ച് ഫെനി ഉൽപ്പാദിപ്പിക്കുന്നതിനും, കൺസ്യൂമർഫെഡ് ഔട്ട് |

| | | | |
|---|---|---|---|
| | | | ലെറ്റുകൾ വഴി വിപണനം നടത്തുന്നതിനും സഹകരണ സംഘങ്ങളെ സഹായിക്കുന്ന പദ്ധതിയാണിത്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. 2025-26 സാമ്പത്തിക വർഷം മുതലാണ് ഫെനി ഉൽപ്പാദനത്തിന് സഹായം എന്ന പുതിയ ഘടകം സഹകരണ വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതി മറ്റേതെങ്കിലും സ്ഥാപനങ്ങളുമായി സഹകരിച്ചാണോ വിഭാവനം ചെയ്തിട്ടുള്ളത്; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുമോ? | (സി) | സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിക്കായുള്ള സഹകരണ സംരംഭം (CITA) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫെനി ഉൽപ്പാദനത്തിന് സഹായം എന്ന പുതിയ ഘടകം കശുമാങ്ങ ഉപയോഗിച്ച് ഫെനി ഉൽപ്പാദിപ്പിക്കുന്നതിനും, കൺസ്യൂമർഫെഡ് ഔട്ട് ലെറ്റ് വഴി വിപണനം നടത്തുന്നതിനുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രാദേശികമായി ലഭ്യമായ കാർഷിക കാർഷികാനുബന്ധഉൽപ്പന്നങ്ങൾ അടിസ്ഥാനമാക്കി ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിനും അതിലൂടെ കൃഷിയുടെയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും മൂല്യവർദ്ധന, സംസ്കരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുക, മൂല്യവർദ്ധിത യൂണിറ്റുകൾ സ്ഥാപിച്ച് അവയെ വ്യവസായങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| പദ്ധതി | ക്രമ നമ്പർ | സംഘത്തിന്റെ പേര് | തുക അനുവദിച്ച വർഷം | ധനസഹായ തുക(ലക്ഷത്തിൽ) | | | |
|---|---|---|---|---|---|---|---|
| | | | | സബ്സിഡി | ഓഹരി | വായ്പ | ആകെ |
| സംയോജിത കൃഷി | 1 | ആനിക്കാട് റീജിയണൽ ഫാർമേഴ്സ് SCB Ltd No.3867, കോട്ടയം | 2022-2023 | 20.00 | 12.50 | 6.50 | 39.00 |
| | 2 | പനയാൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.സി 46, കാസർഗോഡ് | 2022-2023 | 50.00 | 50.00 | 15.00 | 115.00 |
| | 3 | മാടപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.160, കോട്ടയം | 2022-2023 | 19.50 | 18.50 | 1.00 | 39.00 |
| | 4 | മാങ്കുളം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.ഐ 108, ഇടുക്കി | 2022-2023 | 15.75 | 23.25 | - | 39.00 |
| | 5 | തങ്കമണി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.കെ 281, ഇടുക്കി | 2022-2023 | 10.00 | 132.00 | 2.00 | 144.00 |
| | 6 | പട്ടുവം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.സി 132, കണ്ണൂർ | 2022-2023 | 97.00 | 20.00 | 3.00 | 120.00 |
| | | | 2023-204 | 10.00 | 15.00 | | 25.00 |
| | 7 | ബേഡഡുക്ക ഫാർമേഴ്സ് SCB ക്ലിപ്തം നം.എഫ് 92, കാസർഗോഡ് | 2022-2023 | 10.00 | 40.00 | - | 50.00 |
| | 8 | ഒക്കൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 2181, എറണാകുളം | 2022-2023 | 18 | 17.00 | 2.50 | 37.50 |
| | | | 2023-2024 | 7.50 | | | 7.50 |
| | | | 2024-25 | | 15.00 | | 15.00 |
| | 9 | ഭരണിക്കാവ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.829, ആലപ്പുഴ | 2024-2025 | 66.6432 | 58.3128 | 13.884 | 138.84 |
| | 10 | ചെറുതാഴം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം. നം. എഫ് 747 | 2024-2025 | 35.00 | 54.8 | 2.00 | 91.8 |
| **ആകെ** | | | | | | | **861.64** |
| | | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| ഗ്രാമീൺ മാർക്കറ്റ് | 1 | കരകുളം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 3064, തിരുവനന്തപുരം | 2022-2023 | 10.00 | | | 10.00 |
| | 2 | പൂവറ്റൂർ ഈസ്റ്റ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3503,കൊല്ലം | 2022-2023 | 10.00 | | | 10.00 |
| | 3 | പുതുപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2730,ആലപ്പുഴ | 2022-2023 | 10.00 | | | 10.00 |
| | 4 | മാടപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 160,കോട്ടയം | 2022-2023 | 10.00 | | | 10.00 |
| | 5 | വാരപ്പെട്ടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 1015, എറണാകുളം | 2022-2023 | 10.00 | | | 10.00 |
| | 6 | കൊരട്ടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 590,തൃശ്ശൂർ | 2022-2023 | 10.00 | | | 10.00 |
| | 7 | മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.പി.922 പാലക്കാട് | 2022-2023 | 10.00 | | | 10.00 |
| | 8 | മറയൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2022,ഇടുക്കി | 2022-2023 | 10.00 | | | 10.00 |
| | 9 | ഉള്ള്യേരിസർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഡി 2 0 33,കോഴിക്കോട് | 2022-2023 | 10.00 | | | 10.00 |
| | 10 | മീനങ്ങാടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.എഫ്.1061,വയനാട് | 2022-2023 | 10.00 | | | 10.00 |
| | 11 | കാസർഗോഡ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. സി.832, കാസറഗോഡ് | 2022-2023 | 10.00 | | | 10.00 |
| | 12 | കരുംകുളം സർവ്വീസ് സഹകരണ ബാങ്ക് | 2023-2024 | 10.00 | | | 10.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ലിമിറ്റഡ് നം. 4055, തിരുവനന്തപുരം | | | | | |
| | 13 | പരശ്ശുവയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. 663, തീരുവനന്തപുരം | 2023-2024 | 10.00 | | | 10.00 |
| | 14 | ചിതറ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.2818, കൊല്ലം | 2023-2024 | 10.00 | | | 10.00 |
| | 15 | ചെറുപൊയ്ക സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.3846, കൊല്ലം | 2023-2024 | 10.00 | | | 10.00 |
| | 16 | കണ്ണമംഗലം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.2135, ആലപ്പുഴ | 2023-2024 | 10.00 | | | 10.00 |
| | 17 | കല്ലുമല കാർഷിക സഹകരണ സംഘം ലിമിറ്റഡ് നം എച്ച്.ഡബ്ല്യു 14, ആലപ്പുഴ | 2023-2024 | 10.00 | | | 10.00 |
| | 18 | കുമാരപുരം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം 1449, ആലപ്പുഴ | 2023-2024 | 10.00 | | | 10.00 |
| | 19 | ചതുർത്ഥ്യാകരി സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. 1247, ആലപ്പുഴ | 2023-2024 | 10.00 | | | 10.00 |
| | 20 | ഉപ്പുതറ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 2985, ഇടുക്കി | 2023-2024 | 10.00 | | | 10.00 |
| | 21 | പള്ളിയാക്കൽ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 2232,എറണാകുളം | 2023-2024 | 10.00 | | | 10.00 |
| | 22 | ഒക്കൽ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 2181, എറണാകുളം | 2023-2024 | 10.00 | | | 10.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 23 | അന്നമനട സർവ്വീസ് സഹകരണ ബാങ്ക് 159, തൃശ്ശൂർ | 2023-2024 | 10.00 | | | 10.00 |
| | 24 | തടുക്കാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് എഫ് 534, പാലക്കാട് | 2023-2024 | 10.00 | | | 10.00 |
| | 25 | തൃപ്പങ്ങോട് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 1890, മലപ്പുറം | 2023-2024 | 10.00 | | | 10.00 |
| | 26 | പുറത്തൂർ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ ഡി 1902, മലപ്പുറം | 2023-2024 | 10.00 | | | 10.00 |
| | 27 | കൊടിയത്തൂർ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ ഡി 2417, കോഴിക്കോട് | 2023-2024 | 10.00 | | | 10.00 |
| | 28 | ചക്കിട്ടപ്പാറ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ എഫ് 1675, കോഴിക്കോട് | 2023-2024 | 10.00 | | | 10.00 |
| | 29 | ചോറോട് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ എൽ 139, കോഴിക്കോട് | 2023-2024 | 10.00 | | | 10.00 |
| | 30 | കുറ്റ്യാടി സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 1488, കോഴിക്കോട് | 2023-2024 | 10.00 | | | 10.00 |
| | 31 | നല്ലൂർനാട് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 6913, വയനാട് | 2023-2024 | 10.00 | | | 10.00 |
| | 32 | തരുവണ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. എഫ് 521, വയനാട് | 2023-2024 | 10.00 | | | 10.00 |
| | 33 | പേര്യ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ ഡബ്ല്യ 284, വയനാട് | 2023-2024 | 10.00 | | | 10.00 |
| | 34 | തവിഞ്ഞാൽ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ സി 4031, വയനാട് | 2023-2024 | 10.00 | | | 10.00 |
| | | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | 35 | ബേഡടുക്ക ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ എഫ് എഫ് 92, കാസർഗോഡ് | 2023–2024 | 10.00 | | | 10.00 |
| | | **ആകെ** | | | | | **350.00** |
| സംഭരണം,സംസ്കരണം,വിപണനം | 1 | കൊല്ലം ജില്ല ലൈവ് സ്റ്റോക്ക് മാർക്കറ്റിംഗ് ആന്റ് ഹോർട്ടികൾച്ചറൽ പ്രൊഡ്യൂസേഴ്സ് പ്രോസ്സസ്സിംഗ് ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘം | | | 50.00 | | 50.00 |
| ആകെ | | | | | 50.00 | | 50.00 |
| **ആകെ തുക** | | | | | | | **1261.64** |